പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 658 — 30.06.2016-ൽ മറുപടിക്ക്.

## അന്യസംസ്ഥാനത്തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് കൊലപാതകമടക്കം പല അക്രമസംഭവങ്ങളിലും പലപ്പോഴും പിടിക്കപ്പെടുന്നത് അന്യസംസ്ഥാന ത്തൊഴിലാളികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവരുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിക്കാനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) & (സി) തൊഴിൽ വകുപ്പിനു കീഴിൽ നിലവിൽ സംവിധാനങ്ങൾ ഇല്ല. |
| (സി) ഇവരുടെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിന് നിലവിൽ പ്രത്യേക സംവിധാനമുണ്ടോ; വിശദമാക്കുമോ; | |
| (ഡി) ഇവർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | (ഡി) കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ക്ഷേമ പ്രവർത്തനവും നടപ്പിലാക്കുന്നതിനു വേണ്ടി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 53,136 തൊഴിലാളികളെ രജിസ്റ്റർ |

ചെയ്തിട്ടുണ്ട്. എന്നാൽ ഇവരുടെ ആരോഗ്യ പരിരക്ഷയ്ക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. ഈ പദ്ധതി ആരംഭിച്ചാൽ ഇവരുടെ കണക്കെടുപ്പും വിവരശേഖരണവും തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യവും നടപ്പിലാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ